**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4512** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഭാഷ സംസ്കാര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട രേഖകൾ സംരക്ഷിയ്ക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. അതിനായി ഗവേഷണ പഠനങ്ങൾ, പരിശീലന പരിപാടികൾ, കലാമേളകൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ കിർത്താഡ്സ് മുഖേന വകുപ്പ് സംഘടിപ്പിച്ച് വരുന്നുണ്ട്. ഗോത്രഭാഷ സംരക്ഷിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി കുറുമ്പ ഗോത്രഭാഷാ നിഘണ്ടു, പണിയ ഗോത്രഭാഷാ നിഘണ്ടു, മലമ്പണ്ടാരം ഗോത്രഭാഷാ നിഘണ്ടു, മുഡുഗ-കുറുമ്പ ഗോത്രഭാഷ വ്യാകരണം, കാട്ടുനായ്ക്കൻ ഭാഷാ പ്രൈമറുകൾ, പണിയ ഭാഷാ പ്രൈമറുകൾ 'ബെട്ട' എന്ന പേരിൽ പണിയൻ ഭാഷാ പഠന സഹായി, കാണി ഭാഷയ്ക്ക് നിഘണ്ടു, പണിയൻ ഭാഷയ്ക്ക് ലിപി എന്നിവ കിർത്താഡ്സ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. വയനാട് ഗോത്രഭാഷ കലാ പഠന കേന്ദ്രം പദ്ധതി എന്ന പേരിൽ ഗോത്രഭാഷകളും ഗോത്രജനതയുടെ പാരമ്പര്യ കലകളും പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതി കിർത്താഡ്സ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഇതിനുള്ള ഫണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ച് നൽകിവരുന്നു. ഇതിന്റെ ഭാഗമായി 2020-21 സാമ്പത്തിക വർഷം വയനാട്ടിലെ വെട്ടക്കുറുമർ, കുറിച്യർ സമുദായക്കാരുടെ വാമൊഴി സാഹിത്യഭാഷ എന്നിവയെ സംബന്ധിക്കുന്ന 2 ഗവേഷണ പഠനങ്ങൾ കിർത്താഡ്സ് പൂർത്തീകരിച്ചിട്ടുണ്ട്. കുറിച്യരുടെ വാമൊഴി സാഹിത്യ ഭാഷ, കലകൾ, വെട്ടക്കുറുമരുടെ വാമൊഴി സാഹിത്യം, ഭാഷ, കലകൾ എന്നീ പേരുകളിൽ 2 പുസ്തകങ്ങൾ കിർത്താഡ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസി ഗോത്രവർഗ്ഗ കലകൾ, നാട്ടറിവുകൾ, കണ്ടെത്തലുകൾ എന്നിവ സംരക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗ ജനതയുടെ പരമ്പരാഗത കലകളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളും, കിർത്താഡ്സും സംയുക്തമായി ഗദ്ദിക എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | ഓരോ വർഷവും സംസ്ഥാനത്തെ 2 ജില്ലകളിൽ കലാമേളകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ ഗോത്രകലകളും, നാട്ടറിവുകളും, കണ്ടെത്തലുകളു സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവേഷണ പഠനങ്ങൾ, സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, പുസ്തക പ്രസിദ്ധീകരണങ്ങൾ എന്നിവ ആദികലാ കേന്ദ്രവുമായി ബന്ധപ്പെട്ട് കിർത്താഡ്സ് മുഖേന നടപ്പിലാക്കിവരുന്നു. ദേശീയ ട്രൈബൽ ഡാൻസ് ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിനായി ഇടുക്കിയിലെ മറയൂർ നിന്നും 15 അംഗ കലാകാരന്മാരുടെ സംഘത്തെ ഛത്തീസ് ഗഡിലേക്ക് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ